## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3914** **31-01-2014 ലെ മറുപടിയ്ക്ക്**

### മംഗലാപുരത്തെ ആശുപത്രികളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കാസർഗോഡ് ജില്ലയിലെ രോഗികൾ വിദഗ്ദ്ധ ചികിത്സയ്ക്ക് മംഗലാപുരത്തെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നതിനാൽ അവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള സഹായം ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ;<br><br>ബി) കാസർഗോഡ് ജില്ലയിൽ ചികിത്സാ സൗകര്യം പരിമിതമായതിനാലും ഏറ്റവും അടുത്ത് വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യം മംഗലാപുരത്താണുള്ള തെന്നതിനാലും എൻഡോസൾഫാൻ ദുരിത ബാധിതരുൾപ്പെടെയുള്ള രോഗികൾക്ക് സഹായം ലഭിക്കത്തക്കവിധം മംഗലാപുരത്തെ ആശുപത്രികളെക്കൂടി കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള പട്ടികയിൽപ്പെടുത്തുമോ ? | എ) & ബി) കാസർഗോഡ് ജില്ലയിൽപെട്ട മാലിക് ദീനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, ലക്ഷ്മി മേഘൻ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നീ സ്വകാര്യ ആശുപത്രികൾ ഇതിനകം പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിൽ കൂടുതൽ രോഗികൾക്ക് പദ്ധതി ആനുകൂല്യം ലഭിച്ചു വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. സംസ്ഥാന ത്തിനു പുറത്തുള്ള ആശുപത്രികളിലെ ചികിത്സാ ചെലവും മറ്റും മോണിറ്റർ ചെയ്യു ന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ള തിനാൽ മംഗലാപുരത്തുള്ള ആശുപത്രി കളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.